# കേരള സർവകലാശാല

നം. പി.ആർ.180/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ഒന്നാം വർഷ ബിരുദ പ്രവേശനം – 2017 എസ്.സി/എസി.ടി. സ്പോട്ട് അലോട്ട്മെന്റ് – കോളേജ് പ്രവേശനം ആഗസ്റ്റ് 14 വരെ.

2017–18–ലെ ഒന്നാം വർഷ ബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് ഒഴിവുണ്ടായിരുന്ന എസ്.സി./എസ്.ടി. സീറ്റുകളിലേയ്ക്ക് ആഗസ്റ്റ് 9–ന് കേരള സർവകലാശാല സെനറ്റ് ഹാളിലും ആലപ്പുഴ എസ്.ഡി.കോളേജിലും, ആഗസ്റ്റ് 10–ന് കൊല്ലം എസ്.എൻ.കോളേജിലും അടൂർ സെന്റ് സിറിൾസ് കോളേജിലും നടന്ന സ്പോട്ട് അലോട്ട്മെന്റുകളിൽ അലോട്ട്മെന്റ് മെമ്മോ ലഭിച്ച വിദ്യാർത്ഥികൾ ആഗസ്റ്റ് 11, 14 തീയതികളിലായി മെമ്മോയും മറ്റ് അസൽ രേഖകളും സഹിതം മെമ്മോയിൽ പറഞ്ഞിരിക്കുന്ന കോളേജിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്. ആഗസ്റ്റ് 14–നകം കോളേജിൽ ഹാജരായി പ്രവേശനം നേടാത്തവരുടെ അലോട്ട്മെന്റ് നഷ്ടമാകുന്നതാണ്.

## പി.ജി.ഡി.ഡി.എൻ, പി.ജി.ഡി.എ.പി, പി.ജി.ഡി.സി.എ.എഫ്.സി, പി.ജി.ഡി.ബി.ടി ഡിപ്ലോമ സപ്ലിമെന്ററി പരീക്ഷ

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ പഠന കേന്ദ്രം ഒക്ടോബറിൽ നടത്തുന്ന പി.ജി.ഡി.ഡി.എൻ, പി.ജി.ഡി.എ.പി, പി.ജി.ഡി.സി.എ.എഫ്.സി, പി.ജി.ഡി.ബി.ടി ഡിപ്ലോമ കോഴ്സുകളുടെ സപ്ലിമെന്ററി പരീക്ഷക്കുള്ള വിജ്ഞാപനവും വിശദവിവരങ്ങളും വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എ.എം.എസ് ഫലം

കേരള സർവകലാശാല മാർച്ചിൽ നടത്തിയ മൂന്നാം വർഷ ബി.എ.എം.എസ് പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും ആഗസ്റ്റ് 31 വരെ അപേക്ഷിക്കാം.

## എൽ.എൽ.എം പി.ജി പ്രവേശന പരീക്ഷ: ബിരുദതല മാർക്ക് അപ്ലോഡ് ചെയ്യുന്നതിനുള്ള അവസാന തീയതി ആഗസ്റ്റ് 30 വരെ നീട്ടി

കേരള സർവകലാശാല കാര്യവട്ടം കാമ്പസിലെ നിയമ വകുപ്പിന്റെ കീഴിലുള്ള ഏകവത്സര എൽ.എൽ.എം പി.ജി കോഴ്സിന് പ്രവേശന പരീക്ഷ എഴുതിയവർ അവരവരുടെ ബിരുദതല മാർക്ക് അപ്ലോഡ് ചെയ്യുന്നതിനുള്ള അവസാന തീയതി ആഗസ്റ്റ് 30 വരെ നീട്ടി.

## ത്രിദിന അന്താരാഷ്ട്ര സെമിനാർ

കേരള സർവകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ആൾട്ടർനേറ്റീവ് ഇക്കണോമിക്സും ഇക്കണോമിക്സ് ഡിപ്പാർട്ട്മെന്റും സാമ്പത്തിക വികസനത്തിന് നിയമങ്ങളും സ്ഥാപനങ്ങളും: ഇന്ത്യയിൽ നിന്നുള്ള സിദ്ധാന്തങ്ങളും പ്രായോഗിക തലങ്ങളും എന്ന വിഷയത്തിൽ സംയുക്തമായി സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര സെമിനാറിന്റെ രണ്ടാം ദിനം ടെക്നിക്കൽ സെഷനോടെ ആഗസ്റ്റ് 10–ന് രാവിലെ 9.45 ന് ആരംഭിച്ചു. ടെക്നിക്കൽ സെഷനിൽ

പ്രൊഫ. ആർ. വിജയ് (സ്കൂൾ ഓഫ് ഇക്കണോമിക്സ് ഹൈദരാബാദ്) അദ്ധ്യക്ഷത വഹിച്ചു. പ്രൊഫ. റാം സിംഗ് (ഡൽഹി സ്കൂൾ ഓഫ് ഇക്കണോമിക്സ്), ഡോ. അനാമിത്ര ചൗധരി (ജെ.എൻ.യു) എന്നിവർ പ്രബന്ധം അവതരിപ്പിച്ചു. ഭൂമി ഏറ്റെടുക്കലും നഷ്ടപരിഹാരവും, തൊഴിൽ കരാറുകൾ എന്നിവയായിരുന്നു മുഖ്യ വിഷയങ്ങൾ. വിവിധ സെഷനുകളിലായി ഡോ. ശങ്കർ റാവു ചിറാല (കൗൺസിൽ ഫോർ സോഷ്യൽ ഡവലപ്മെന്റ്, ഹൈദരാബാദ്), വിജയശ്രീ ആർ.എം (കേരള സർവകലാശാല), ഡോ. ബിസ്മി ഗോപാലകൃഷ്ണൻ (ലോ ഡിപ്പാർട്ട്മെന്റ്, കേരള സർവകലാശാല), ഡോ. സായിറാം ഭട്ട് (നാഷ്ണൽ ലോ സ്കൂൾ ഓഫ് ഇന്ത്യ യൂണിവേഴ്സിറ്റി), രവീണ നവാസ് (ജെ.എൻ.യു), രേഷ്മ രാജീവൻ (കേരള സർവകലാശാല), നൈമിത്യ ശർമ്മ (ജെ.എൻ.യു), അർപൺ ആചാര്യ(ജെ.എൻ.യു), തുടങ്ങിയവർ പ്രബന്ധം അവതരിപ്പിച്ചു.

## ബി.ബി.എ, ബി.എസ്സി ഫലം

കേരള സർവകലാശാല 2016 നവംബറിൽ നടത്തിയ (2013-ന് മുമ്പുള്ളത്) രണ്ടാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ബി.ബി.എ യുടെയും ബി.എസ്സി ഇലക്ട്രോണിക്സിന്റെയും പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 25 വരെ അപേക്ഷിക്കാം.

## ബി.എച്ച്.എം പ്രാക്ടിക്കൽ

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ ആറാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജിയുടെ (2011 സ്കീം) (ബി.എച്ച്.എം) പ്രാക്ടിക്കൽ പരീക്ഷകൾ ആഗസ്റ്റ് 16, 17 തീയതികളിൽ അതാത് കോളേജുകളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## സെക്യൂരിറ്റി ഓഫീസർ നിയമനം: അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാലയിലേക്ക് കരാർ അടിസ്ഥാനത്തിൽ സെക്യൂരിറ്റി ഓഫീസറെ നിയമിക്കുന്നതിന് കേരള സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ച സർക്കിൾ ഇൻസ്പെക്ടർ തസ്തികയിൽ കുറയാത്ത പോലീസ് ഓഫീസർ/ കേന്ദ്രസർക്കാർ സർവ്വീസിൽ നിന്നും വിരമിച്ച ക്യാപ്റ്റൻ റാങ്കിൽ കുറയാത്ത മിലിട്ടറി ഓഫീസർ എന്നിവരിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു. പ്രായപരിധി ആഗസ്റ്റ് ഒന്നാം തീയതി 58 വയസ് കഴിയാൻ പാടില്ല. പ്രതിമാസ വേതനം 25,000/- രൂപ. വെള്ള പേപ്പറിൽ എഴുതി തയ്യാറാക്കിയ അപേക്ഷയോടൊപ്പം വയസ്സ്, ജാതി, സർവ്വീസ് എന്നിവ തെളിയിക്കുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളുമായി ആഗസ്റ്റ് 16-ന് മുൻപായി ഡെപ്യൂട്ടി രജിസ്ട്രാർ (അഡ്മിൻ ) കേരള സർവകലാശാല എന്ന മേൽവിലാസത്തിൽ ലഭിക്കേണ്ടതാണ്.

## എം.ബി.എ ഫലം

കേരള സർവകലാശാലയുടെ എം.ബി.എ ട്രാവൽ ആന്റ് ടൂറിസം ഒന്നാം സെമസ്റ്ററിന്റെയും നാലാം സെമസ്റ്ററിന്റെയും (2011 സ്കീം) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സൂക്ഷ്മപരിശോധനയ്ക്ക് ആഗസ്റ്റ് 25 വരെ അപേക്ഷിക്കാം.

## ബി.ബി.എ ഫലം

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ കേന്ദ്രം ഏപ്രിലിൽ നടത്തിയ ബി.ബി.എ (2014 റഗുലർ & 2013 സപ്ലിമെന്ററി) അഞ്ചാം സെമസ്റ്റർ പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. പരീക്ഷാഫലം വിദൂര വിദ്യാഭ്യാസ കേന്ദ്രത്തിൽ നിന്നും ലഭിക്കും. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ പത്ത് വരെ അപേക്ഷിക്കാം.

## എൽ.എൽ.ബി ഫലം

കേരള സർവകലാശാല 2016 ഒക്ടോബറിൽ നടത്തിയ നാലാം സെമസ്റ്റർ യൂണിറ്ററി ത്രിവത്സര എൽ.എൽ.ബി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്തംബർ 28 വരെ അപേക്ഷിക്കാം.

## എം.ടെക് ഫലം

കേരള സർവകലാശാല ഡിസംബറിൽ നടത്തിയ ഒന്നും (2008 സ്കീം) രണ്ടും (2013 സ്കീം) എം.ടെക് (കമ്പ്യൂട്ടർ സയൻസ്) സപ്ലിമെന്ററി പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സൂക്ഷ്മപരിശോധനയ്ക്ക് ആഗസ്റ്റ് 29 വരെ അപേക്ഷിക്കാം.

തിരുവനന്തപുരം.
10.08.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail:** ku.release@gmail.com **website:** www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**